"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - ബഹു.തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ കേസ്.നം 577/09 ലെ ഉത്തരവ് - നഷ്ടപരിഹാര തുക ഒടുക്കൽ - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.53/2025/PWD തിരുവനന്തപുരം, തീയതി,13-01-2025

---

പരാമർശം:-
1. സഉ(അച്ചടി)32/2019/ധന തീയതി 18.03.2019
2. സഉ(സാധാ)നം. 806/2019/പൊമവ തീയതി 01.07.2019
3. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ 26.12.2024 ലെ CEPWD/3901/2023-C3(F)-NH നം. കത്ത്.

**ഉത്തരവ്**

ബഹു.തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ കേസ്.നം.577/09 ലെ ഉത്തരവ് അനുസരിച്ച് പ്രസ്തുത കേസ് തീർപ്പാക്കുന്നതിലേയ്ക്കായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം 28,558/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.ഈ കേസിൽ ബാക്കി തുകയായ 608/- രൂപ അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . ബഹു.തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ 577/09 ലെ ഉത്തരവ് പ്രകാരം ഒടുക്കുവാൻ ബാക്കിയുള്ള തുകയായ 608/- രൂപ (അറുന്നൂറ്റി എട്ട് രൂപ മാത്രം) യുടെ ഭരണാനുമതി അധിക തുക തിരിച്ചടയ്ക്കണമെന്ന നിബന്ധനയോടെ ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക 2024-25 സാമ്പത്തിക വർഷത്തിൽ '5054-01-800-97-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുപ്രിയ സി ഡി
അണ്ടർ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.
എക്സി.എഞ്ചിനീയർ (ദേശീയപാതാ)പൊതുമരാമത്ത് വകുപ്പ്, കൊല്ലം
ജില്ലാകളക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം
Signed by
Chithra G S
Date: 13-01-2025 15:41:48
സെക്ഷൻ ഓഫീസർ